## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4405

28.06.2012- ലെ
മറുപടിക്ക്

# ആലപ്പുഴയിൽ സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം<br>ശ്രീ.ജി. സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ ആരംഭിച്ച കയർപിരി യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | എ)ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. സുനാമി പുനരധി - വാസ പദ്ധതി പ്രകാരം ആകെ 20 സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രീൽമാറ്റ് യൂണിറ്റുകളുമാണ് അ നുവദിക്കപ്പെട്ടത്. ഇതിൽ 15 സ്പിന്നിംഗ് യൂണിറ്റുകളും 4 ക്രീൽമാറ്റ് യൂണിറ്റുകളും ആലപ്പുഴ ജില്ലയിലാണ് അനുവദിച്ചത്. ടി. യൂണിറ്റുകളിൽ ഭൂരിപക്ഷവും പ്രവർത്തനക്ഷമമല്ല. ഇതുവരെ പ്രവർത്തനം ആരംഭിക്കാത്ത ആലപ്പുഴ വാടയ്ക്കലിൽ സ്ഥിതി ചെയ്യുന്ന ആദി വനിത യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.<br>ആറാട്ടുപുഴയിലെ സ്മൃതിജനി യൂണിറ്റിനു വേണ്ടി സ്ഥലം ലഭിയ്ക്കാത്തതിനാൽ കെട്ടിടം പണിയുവാനോ അതിനായി വാങ്ങിയ മെഷീൻ സ്ഥാപിക്കുവാനോ കഴിഞ്ഞിട്ടില്ല. തൃക്കുന്നപ്പുഴയിലെ ബാപ്പുജി, പുറക്കാട്ടുള്ള മഹാവിഷ്ണു, പുന്നപ്രയിലെ തേജസ് വനിത, ഐശ്വര്യ വനിത, കടക്കരപ്പള്ളിയിലെ മേരിമാത എന്നീ 5 യൂണിറ്റുകൾ വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. അർത്തുങ്കലിൽ അനുവദിക്കപ്പെട്ട കമീൽ ക്രീൽമാറ്റ് യൂണിറ്റിനു വേണ്ടി നിർമ്മിച്ച കെട്ടിടം കടൽതീര പരിധിക്കുള്ളിലായതിനാൽ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. കയർപിരി മേഖലയിൽ പൊതുവെയുള്ള ചകിരി നാരിന്റെ ദൗർലഭ്യം ചില യൂണിറ്റുകളെ ബാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ ചകിരി നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) ഇതിനായി തയ്യാറാക്കിയ പ്രത്യേക പദ്ധതികൾ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ